(സി&ഡി) സംസ്ഥാനത്ത് സാധാരണഗതിയിൽ സർക്കാർ എയ്ഡഡ് മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കുകയോ നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുകയോ വേണ്ടതില്ല എന്ന നയമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. തൃശ്ശൂർ ജില്ലയിലെയും മലബാർ മേഖലയിലെയും സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് ഹൈസ്കൂളുകളിൽ നിന്നും ഈ അക്കാദമിക വർഷം പ്ളസ് ടു കോഴ്സ് അനുവദിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു കൊണ്ട് ഹയർ സെക്കണ്ടറി ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ സർക്കാർ ഹൈസ്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുന്നതിനും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കുറവ്

24 (3770) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ ഈ അദ്ധ്യയന വർഷം ഒന്നാംതരത്തിൽ എത്ര കുട്ടികൾക്കാണ് പ്രവേശനം നൽകിയത് ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ വർഷത്തേക്കാൾ എത്ര കുട്ടികളുടെ കുറവാണ് അഡ്മിഷനിൽ രേഖപ്പെടുത്തിയിട്ടുള്ളത് ;

(ഡി) കുട്ടികളുടെ കുറവുമൂലം എത്ര അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടും എന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ;

(ഇ) കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് കാരണം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 296173 കുട്ടികൾക്ക്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 19544 കുട്ടികളുടെ.

(ഡി) 2010-11 അദ്ധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ കഴിഞ്ഞാൽ മാത്രമേ ഇതു സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളു.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly